ഇതിനാലാണ് പ്രോവിഡന്റ് ഫണ്ട് കാർഡ് വിതരണത്തിൽ കാലതാമസം നേരിട്ടത്.

(ഡി) കേരള എയ്ഡഡ് സ്കൂൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യാൻ നിലവിലുള്ള ജീവനക്കാർ പര്യാപ്തമാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) മേൽ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

**കോങ്ങാട് അസംബ്ലി നിയോജകമണ്ഡലത്തിൽ ജൂനിയർ ടെക്നിക്കൽ സ്കൂൾ**

115 (2176) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോങ്ങാട് അസംബ്ലി നിയോജക മണ്ഡലത്തിൽ ഒരു ജൂനിയർ ടെക്നിക്കൽ സ്കൂൾ ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഒരു ജൂനിയർ ടെക്നിക്കൽ സ്കൂൾ മണ്ഡലത്തിൽ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ സാമ്പത്തിക വർഷം തന്നെ ജൂനിയർ ടെക്നിക്കൽ സ്കൂൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) കോങ്ങാട് അസംബ്ലി നിയോജകമണ്ഡലത്തിൽ ഒരു ജൂനിയർ ടെക്നിക്കൽ സ്കൂൾ തുടങ്ങുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർദ്ദേശങ്ങൾ**

116 (2178) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സർക്കാരിന് ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ച് വിദഗ്ദ്ധ ഉപദേശം നൽകുന്നതിനും പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും ഡോ. കെ. എം. പണിക്കരുടെ നേതൃത്വത്തിലുണ്ടായിരുന്ന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർദ്ദേശങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്കരണം സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള പഞ്ചവത്സര പ്രവർത്തന പരിപാടി സംബന്ധിച്ച വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* നിർദ്ദേശങ്ങൾ പരിഗണിക്കുന്നത് സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ഐസർ, കേന്ദ്ര സർവ്വകലാശാല എന്നിവയുടെ പ്രവർത്തനം

117 (T 2180) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് ഇന്ത്യൻ ഇൻസിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച്, കേന്ദ്ര സർവ്വകലാശാലകൾ എന്നിവ നേടിയെടുക്കാൻ കഴിഞ്ഞത് ഏതുവർഷമാണ് ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഐസറിന്റെ പ്രവർത്തനം 2008-ലും കേരളത്തിലെ കേന്ദ്ര സർവ്വകലാശാലയുടെ പ്രവർത്തനം ജനുവരി 2009-ലും ആരംഭിച്ചു.

(ബി) കേന്ദ്ര സർക്കാർ സ്ഥാപനങ്ങളാകയാൽ ഇവയുടെ പ്രവർത്തനം സംസ്ഥാന സർക്കാർ വിലയിരുത്താറില്ല.

എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ

118 (2181) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യത്യസ്ത യൂണിവേഴ്സിറ്റികൾക്ക് കീഴിൽ സംസ്ഥാനത്ത് എത്ര എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ക്രിസ്ത്യൻ, മുസ്ലീം, ഹൈന്ദവ മാനേജ്മെന്റുകൾക്കു കീഴിൽ എത്ര കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് സമുദായം തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഇത്തരം കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനത്തിനുള്ള മെരിറ്റ്, മാനേജ്മെന്റ് എസ്.സി.,എസ്.ടി., ഒ.ബി.സി. ക്വാട്ടകൾ എത്രയാണെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly